**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 138** **16-09-2025-ൽ മറുപടിയ്ക്ക്**

**2025 -ലെ ജനറൽ ട്രാൻസ്ഫർ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. ജെ. വിനോദ് ശ്രീ. രമേശ് ചെന്നിത്തല

ശ്രീ. ടി. ജെ. വിനോദ് (ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** ആഭ്യന്തരവകുപ്പിന് കീഴിലെ ഏതെല്ലാം ഡിപ്പാർട്ടുമെന്റുകളിൽ 2025 വർഷം ജനറൽ ട്രാൻസ്ഫർ അപേക്ഷ ക്ഷണിച്ചുവെന്നും ട്രാൻസ്ഫർ ആൻഡ് പോസ്റ്റിംഗ് നടത്തിയെന്നും ഏതൊക്കെ ഡിപ്പാർട്ടുമെന്റുകളിൽ നടത്തിയില്ലായെന്നും അതിന്റെ കാരണമെന്താണെന്നും ഓരോ ഡിപ്പാർട്ടുമെന്റുകളിലും ട്രാൻസ്ഫർ അപേക്ഷ ക്ഷണിച്ച തീയതിയും നടപ്പാക്കിയ തീയതിയും മേൽ ട്രാൻസ്ഫറുകളുടെ മാനദണ്ഡം നിശ്ചയിച്ച രീതിയും വ്യക്തമാക്കാമോ;

**മറുപടി:** ഭരണപരമായതും, ജോലി സംബന്ധവുമായ വിവിധ കാരണങ്ങളാൽ പോലീസ് വകുപ്പിലെ വിവിധ തസ്തികകളിലേയ്ക്കുള്ള സ്ഥലം മാറ്റങ്ങൾക്ക് 25.02.2017 തീയതിയിലെ നം. 03/2017/ ഉഭപവ പ്രകാരമുള്ള പൊതു സ്ഥലം മാറ്റ ഉത്തരവ് ബാധകമാക്കാൻ കഴിയുന്നതല്ല.

സമാനമായ സാഹചര്യമാണ് പ്രിസൺസ് & കറക്ഷണൽ സർവ്വീസിലെ എക്സിക്യൂട്ടീവ് വിഭാഗത്തിലും നിലനിൽക്കുന്നത്. സ്പാർക്ക് മുഖേനയുള്ള ട്രാൻസ്ഫർ & പോസ്റ്റിംഗ് ആദ്യമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മിനിസ്റ്റീരിയൽ വിഭാഗത്തിന്റെ സ്ഥലംമാറ്റ അപേക്ഷകളിൽ ചില സാങ്കേതിക തടസ്സങ്ങൾ ഉണ്ടായതിനാൽ പൊതു സ്ഥലംമാറ്റം നടപ്പിലാക്കുവാൻ കഴിഞ്ഞില്ല. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്പാർക്കുമായി ബന്ധപ്പെട്ട് വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. പൊതു സ്ഥലംമാറ്റം സംബന്ധിച്ച ഗവ. ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയ മായാണ് നടപടികൾ സ്വീകരിച്ചത്.

കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിൽ 2025 വർഷത്തിൽ പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ ഒന്നും ലഭിച്ചിരുന്നില്ല. ആയതിനാൽ ഇതു സംബന്ധിച്ച നടപടികൾ ഒന്നും സ്വീകരിക്കേണ്ടതായി വന്നിട്ടില്ല.

ജില്ലാ ജുഡീഷ്യറികളിലെ ഗസറ്റഡ് ഓഫീസർമാരുടെ സേവന കാര്യങ്ങൾ (സിവിൽ ക്രിമിനൽ കോടതികളിലെ ശിരസ്താദാരുമാരുടെയും സീനിയർ സൂപ്രണ്ടുമാരുടെയും), കോടതി മാനേജർമാരുടെയും പ്രിൻസിപ്പൾ കൗൺസിലേഴ്സിന്റെയും ജനറൽ ട്രാൻസ്ഫറുമായി ബന്ധപ്പെട്ട സ്ഥലംമാറ്റം മാനദണ്ഡപ്രകാരമാണ് നടപ്പിലാക്കിയത് എന്ന് ഹൈക്കോടതി രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

**(ബി)** 2024 വർഷം പൊതുസ്ഥാലംമാറ്റ ഉത്തരവുകൾക്കെതിരെ ഏതൊക്കെ വകുപ്പുകളിൽ നിന്ന് എത്ര പേർ വീതം ട്രിബ്യൂണൽ / കോടതികളെ സമീപിച്ചുവെന്ന് വിശദീകരിക്കാമോ;

**<u>മറുപടി:</u>** **പ്രിസൺസ് & കറക്ഷണൽ സർവ്വീസ് വകുപ്പിൽ** 2024 വർഷത്തിൽ മേഖലാ തലത്തിൽ ഡി ഐ ജി മാർ മുഖേനയാണ് പൊതു സ്ഥലംമാറ്റം ജയിൽ വകുപ്പിൽ നടത്തിയത്. എന്നാൽ മദ്ധ്യമേഖലയിലെ സ്ഥലം മാറ്റത്തിന്മേൽ പരാതികൾ ഉണ്ടാകുകയും 6 പേര് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ കേസുകൾ ഫയൽ ചെയ്യുകയും സ്റ്റേ ഓർഡർ കരസ്ഥമാക്കുകയും ചെയ്തിരുന്നു.

**(സി)** ജയിൽ വകുപ്പിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, ഡെപ്യൂട്ടി പ്രിസൺ ഓഫീസർ, ഗേറ്റ് കീപ്പർ, പ്രിസൺ ഓഫീസർ തസ്തികകളിൽ എത്ര ഒഴിവുകൾ വീതം നിലവിലുണ്ടെന്നും ഏതൊക്കെ തീയതികളിലാണ് മേൽ ഒഴിവുകൾ നിലവിൽ വന്നതെന്നും ഒഴിവ് നികത്താത്തിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ?

**<u>മറുപടി:</u>** അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലെ നാളിതുവരെയുള്ള എല്ലാ ഫ്രഷ് ഒഴിവുകളും പി എസ് സി യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി എസ് സി യിൽ നിന്നും അഡ്വൈസ് ലഭ്യമാകുന്ന മുറയ്ക്ക് നിയമനം നടത്തുകയും 9 ഒഴിവുകൾ, ഉദ്യോഗസ്ഥർ വകുപ്പ് മാറി പോകുന്നത് വഴിയുണ്ടാകുന്ന ഫ്രഷ് ഒഴിവുകൾ എന്നിവ സമയബന്ധിതമായി പി എസ് സി യിൽ റിപ്പോർട്ട് ചെയ്തു വരുന്നുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ KEXCON മുഖേന താൽക്കാലിക ജീവനക്കാരെ സർക്കാർ അനുമതിയോടെ നിയമിക്കുന്നുണ്ട്.

പു തുതായി പ്രവർത്തനാനുമതി ലഭിച്ചിട്ടുള്ള ആലപ്പുഴ സബ് ജയിലിൽ ഡെപ്യൂട്ടി പ്രിസൺ ഓഫീസർമാരുടെ 5 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. സ്ഥാപനത്തിലെ ഓഫീസ് പ്രവർത്തനങ്ങൾ പൂർണ്ണമായും പ്രവർത്തന സജ്ജമാകുന്ന മുറയ്ക്ക് പ്രസ്തുത 5 തസ്തികകളും പ്രൊമോഷൻ നൽകി നികത്തുന്നതാണ്.

ഗേറ്റ് കീപ്പർ, പ്രിസൺ ഓഫീസർ തസ്തികകളിൽ നിലവിൽ ഒഴിവുകളില്ല.

**സെക്ഷൻ ഓഫീസർ**